<u>പതിമൂന്നാം കേരള നിയമസഭ</u>

<u>10-ാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 370 | 03/02/14-ൽ മറുപടിയ്ക്ക്

## ആരോഗ്യ വകുപ്പിലെ പിൻവാതിൽ നിയമനം

| ചോദ്യം<br>ശ്രീ. പി. കെ ഗുരുദാസൻ<br>ശ്രീ. പി ശ്രീരാമകൃഷ്ണൻ<br>ശ്രീമതി. കെ. എസ്. സലീഖ<br>ശ്രീ. സി കൃഷ്ണൻ | | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിൽ പിൻവാതിൽ നിയമനവും മാനദണ്ഡമില്ലാത്ത സ്ഥലം മാറ്റവും വ്യാപകമാണെന്ന ആക്ഷേപത്തെക്കുറിച്ച് എന്തെങ്കിലും പരിശോധന നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | എംപ്ലോയിമെന്റ് എക്സ്ചേഞ്ച് മുഖേനയും കേരള പി.എസ്.സി മുഖേനയും അല്ലാതെ ആരോഗ്യ വകുപ്പിൽ യാതൊരുവിധ നിയമനങ്ങളും നടത്തിയിട്ടില്ല. നിലവിലെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പാലിച്ചാണ് ആരോഗ്യ വകുപ്പിൽ സ്ഥലം മാറ്റങ്ങൾ നടത്തി വരുന്നത്. വർക്കിംഗ് അറേഞ്ച്മെന്റ് വഴി താൽക്കാലിക സ്ഥലം മാറ്റം വാങ്ങിയതുമായി ബന്ധപ്പെട്ട ചില ആക്ഷേപങ്ങൾ ഉണ്ടായതിനാൽ ഡോക്ടർമാർ ഒഴികെയുള്ള എല്ലാ വർക്കിംഗ് അറേഞ്ച്മെന്റുകളും 18.02.2013 ലെ സ.ഉ (സാധാ) നം. 538/2013/ആകുവ പ്രകാരം റദ്ദു ചെയ്യുകയുണ്ടായി. എന്നാൽ വർക്കിംഗ് അറേഞ്ച്മെന്റിൽ തുടർന്നു വന്ന ചില ജീവനക്കാർക്ക് മാനുഷിക പരിഗണന നൽകി 22.06.2013 ലെ സ.ഉ (സാധാ) നം 2191/2013/ആകുവ, 06.09.2013 ലെ സ.ഉ(സാധാ) നം. 2425/2013/ആകുവ എന്നീ ഉത്തരവുകൾ പ്രകാരം ക്യാൻസർ തുടങ്ങി ചില ഗുരുതരമായ രോഗങ്ങൾക്ക് അടിമപ്പെട്ട ജീവനക്കാരനും, ജീവനക്കാരുടെ ഭാര്യ/ഭർത്താവ്/കുട്ടികൾ എന്നിവരുടെ ചികിത്സയ്ക്കും സംരക്ഷണത്തിനും, ബന്ധപ്പെട്ട കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ തുടരുവാൻ അനുമതി നൽകുന്നുണ്ട്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് വിജിലൻസ് എന്തെങ്കിലും അന്വേഷണം നടത്തുകയുണ്ടായോ; കണ്ടെത്തൽ എന്തായിരുന്നെന്ന് അറിയിക്കാമോ; | (ബി) യും (സി) യും | ജോലി ക്രമീകരണത്തിന്റെ ഭാഗമായി ജീവനക്കാരെ ആരോഗ്യ വകുപ്പിന് കീഴിലെ മറ്റു സ്ഥാപനങ്ങളിലേക്ക് മാറ്റിയത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുവരുന്നു. ഇതുമായി |

| | | | |
|---|---|---|---|
| (സി) | കുറ്റക്കാർക്കെതിരെ സ്വീകരിച്ച വകുപ്പുതല നടപടി വ്യക്തമാക്കാമോ? | | ബന്ധപ്പെട്ട ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഫയലുകൾ 11.11.2013-ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോക്ക് കൈമാറിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ.